**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3529** — **12.05.2017-ൽ മറുപടിയ്ക്ക്**

## മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. കെ.കഞ്ഞിരാമൻ**<br>**ശ്രീ. വി.കെ.സി. മമ്മത് കോയ**<br>**ശ്രീമതി. യു. പ്രതിഭ ഹരി**<br>**ശ്രീ. ബി. സത്യൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനാവശ്യമായ ഉപാധികളും അറിവുകളും എത്തിക്കുന്നതിൽ മത്സ്യഫെഡ് എത്രമാത്രം വിജയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | മത്സ്യഫെഡ് ജില്ലാ തലത്തിൽ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി ബോധവത്ക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും, ഫിഷറീസ് പദ്ധതികളെക്കുറിച്ചും, മത്സ്യബന്ധന ഉപാധികളെക്കുറിച്ചുമുള്ള അറിവുകൾ പകർന്നു നൽകാറുമുണ്ട്. എൻ.സി.ഡി.സി സഹായത്തോടെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തു വരുന്നു. അതോടൊപ്പം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ യന്ത്രവൽക്കൃത യാനങ്ങൾക്ക് സബ്സിഡിയും നൽകി വരുന്നു. |
| (സി) | മത്സ്യത്തൊഴിലാളി സമൂഹത്തിനുള്ളിൽ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാനും അതുവഴി അവരുടെ ഇടയിൽ സമ്പാദ്യശീലം വളർത്തുവാനും മത്സ്യഫെഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | മത്സ്യഫെഡ് 1996 മുതൽ മത്സ്യത്തൊഴിലാളി സമൂഹത്തിനുള്ളിൽ മത്സ്യ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ സ്വയം സഹായ ഗ്രൂപ്പുകൾ രൂപീകരിച്ച് സമ്പാദ്യശീലം വളർത്തിയും ചുരുങ്ങിയ പലിശ നിരക്കിൽ മൈക്രോ ക്രെഡിറ്റ് വിതരണം ചെയ്തും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. നിലവിൽ 368 മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ 178502 പേർ അംഗങ്ങളായുള്ള 14904 സ്വയം സഹായ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു. ലഘു സമ്പാദ്യം ഇനത്തിൽ 11277 ലക്ഷം രൂപ അംഗങ്ങളിൽ നിന്നും സമാഹരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മത്സ്യഫെഡിന് മൈക്രോ ക്രെഡിറ്റ് മേഖലയിൽ കാര്യമായ പ്രഭാവം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | ഉണ്ട്. മത്സ്യത്തൊഴിലാളി മേഖലയിൽ സ്വയം സഹായ ഗ്രൂപ്പുകളെ സംഘടിപ്പിച്ചു കൊണ്ട് ദേശീയ പിന്നോക്ക വിഭാഗ ധന കാര്യ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ ചുരുങ്ങിയ പലിശ നിരക്കിലുള്ള മൈക്രോ ക്രെഡിറ്റ് ലഭ്യമാക്കി മത്സ്യത്തൊഴിലാളി മേഖലയിൽ സ്വയം സഹായ ഗ്രൂപ്പുകൾ വഴി വിതരണം ചെയ്ത് വരുന്നു. ഒരു വർഷം 60.00 കോടി രൂപയാണ് 6% പലിശ നിരക്കിൽ മൈക്രോ ക്രെഡിറ്റ് ഇനത്തിൽ സ്വയം സഹായ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നത്. നാളിതുവരെ 435.00 കോടി രൂപ മൈക്രോ ക്രെഡിറ്റ് ഇനത്തിൽ മത്സ്യത്തൊഴിലാളി മേഖലയിലെ സ്വയം സഹായ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ഇ) | മത്സ്യ വിപണനത്തിനായി മത്സ്യഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫിഷ് സ്റ്റാളുകളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | മത്സ്യഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫിഷ് സ്റ്റാളുകളുടെ പ്രവർത്തനാവലോകനം ജില്ലാ അടിസ്ഥാനത്തിൽ ഓരോ മാസവും നടത്തിവരാറുണ്ട്. പൊതുജനങ്ങളുടെ നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും, സ്വയം സഹായ സംഘങ്ങളുടെ ആവശ്യങ്ങളുമൊക്കെ ടി അവലോകനങ്ങളിൽ ചർച്ചയ്ക്ക് വരികയും അവയ്ക്ക് പരിഹാരം കാണുവാൻ ശ്രമിക്കാറുമു ണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം ജില്ലകളിൽ രണ്ടു വീതവും, കോട്ടയം ജില്ലയിൽ പതിനൊന്നും, എറണാകുളം ജില്ലയിൽ പത്തും, തൃശ്ശൂർ ജില്ലയിൽ ഒന്നും കോഴിക്കോട് ജില്ലയിൽ മൂ ന്നും സ്റ്റാളുകൾ ഉൾപ്പെടെ ആകെ 31-ഫിഷ് സ്റ്റാളുകൾ മത്സ്യഫെഡിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. കോട്ടയം, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലെ എല്ലാ സ്റ്റാളുകളും ലാഭകരമായി പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ അരയിടത്തുപാലം ഫിഷ് സ്റ്റാളും, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലെ ഫിഷ് മാർട്ടുകളും നല്ലരീതിയിൽ പ്രവർത്തിച്ചു വരുന്നു. വിൽപ്പന കുറവുള്ള ഫിഷ്മാർട്ടുകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടിയും മത്സ്യഫെഡ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ